# നവമാനവികതയുടെ ചില വാഗ്ദാനങ്ങൾ.

- ലഭിച്ച സമയത്തിന്റെ ഭൂരിഭാഗവും ഉത്പന്ന സേവനങ്ങൾ നിർമ്മിക്കാൻ ചിലവഴിക്കുന്നത് നിർത്തലാക്കാനാകും. അഭിരുചിക്കനുസരിച്ച് സമയത്തിന്റെ വിവിധ ഭാഷകളും താളങ്ങളും പഠിക്കാനാകും.

- പ്രയത്ന- സമയങ്ങളിലും, സ്ഥാന,മാന,വംശ,ദേശ,വർണ്ണങ്ങളിലും, വിവേചനങ്ങൾ ഇല്ലാത്ത പുതുമാനവകുലം സൃഷ്ടിക്കപ്പെടും. സർവ്വലോക രാജ്യങ്ങളിലും വാഗ്ദത്ത സ്ഥിതി സമത്വ സാഹോദര്യം സംജാതമാകും.

- ജനനം ശ്വസനം ദഹനം ചലനം മൈഥുനം ശയനം ലയനം എന്നീ സ്വാഭാവിക ജൈവിക പ്രതിഭാസങ്ങൾ പോലെ, ഉത്പന്ന-സേവനങ്ങളുടെ ഉപഭോഗങ്ങളും രാഷ്ട്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളും വംശ നിലനിൽപ്പും അനായാസവും ആനന്ദകരവുമാകും.

- ശൈശവകാലം മുതലുള്ള പീഡന പഠന പരിശീലനമുറകളിൽനിന്നും പുതുതല മുറകൾ മുക്തരാകും. സ്വന്തം നൈസർഗീകത അവർക്കു സ്വയം കണ്ടെത്തുവാ നാകും. പ്രകൃതിയും, സഹജീവികളുമായി അവർ സദാ സഹവർത്തിത്വത്തിലാകും. അവർ അവരുടെ രാജ്യത്തിന്റെ പൊതു മുതലുമാകും.

- ജീവൻ എന്ന പ്രതിഭാസം ഭൂമിയിൽ നിലനിൽക്കുന്നിടത്തോളം കാലം യുവതല മുറകളുടെ പ്രയത്ന-സമയ വിനിയോഗങ്ങളാൽ മനുഷ്യവംശം സംരക്ഷിതരാകും.

- വൈവിദ്ധ്യ സമൃദ്ധമായ ഉത്പന്ന-സേവനങ്ങൾ ആവശ്യാനുസരണം ഉത്പാദിപ്പിക്കുവാനും ജൈവവിഭവങ്ങൾ ശോഷിപ്പിക്കാതെയും മനുഷ്യശേഷികൾ നശിപ്പിക്കാതെയും അവ ഉപ ഭോഗിക്കാനുമാകും.

- പണ പരിമിതിമൂലം രാജ്യത്ത് ഇന്നുവരെ നടപ്പിലാക്കാനാകാതെ വന്ന സകല പദ്ധതികളും നടപ്പിൽ വരുത്താനാകും. അസാധ്യമെന്നൊന്ന് ഇല്ലാതാകും.

- കലഹങ്ങളും കലാപങ്ങളും, കോലാഹലങ്ങളും ഇല്ലാതെതന്നെ ഭരണാധികാരി കൾക്ക് ജനങ്ങളെ സേവിക്കാനാകും. പക്ഷംചേരലും പഴിചാരലും പരിഹസിക്കലും പരിഭ്രമിപ്പിക്കലും ഇല്ലാതെതന്നെ പത്രപ്രവർത്തകർക്ക് അവരുടെ ധർമ്മം ചെയ്യാനാകും.

- വിവര വിഭവങ്ങൾ സ്വന്തമാക്കിവക്കാനും അത് സ്വന്തം സന്തതികൾക്കു തന്നെ നൽകാനും നിയമം അനുവധികാതെ വരുമ്പോൾ, പുരുഷവർഗ്ഗത്തിന് സ്ത്രീ ജനങ്ങളുടെ മേൽ ഉടമസ്ഥാ വകാശം ഇല്ലാതാകും.

- ഈ സാഹചര്യത്തിൽ സ്വാതന്ത്ര്യത്തിന്റെ വില സ്ത്രീക്കും പുരുഷനും അറിയാനാകും, മാതൃ ത്വം അതിന്റെ പൂർണ്ണതയിലെത്തും, മനുഷ്യ ഐക്യം സദാ നിലനിൽക്കും, ലൈഗീകാസ ക്തികൾ അപ്രത്യക്ഷവുമാകും, തടവറകളും കാവൽക്കാരും ശിക്ഷാനടപടികളും അപ്രസ ക്തമാകും.

- ജനങ്ങൾ ഇന്നും ആരാധിച്ചുവരുന്ന വ്യത്യസ്ത ദൈവ സങ്കല്പങ്ങൾ ഇല്ലാതാകും, ഏവരുടെയും ഭക്തിയും ആരാധനയും കൃതജ്ഞതയും എല്ലാം നിലനിൽക്കുന്ന സമയം എന്ന "ഏക" സ്ത്രോതസ്സിനോട് മാത്രമാകും.

- വിവരണാതീതമായ ആനന്ദാനുഭൂതികൾ ആസ്വദിച്ചറിയാനും, ഇനിയും വിശദീകരിക്കേണ്ട മനുഷ്യബന്ധങ്ങളുടെ ഉണ്മകളും, ഊഷ്മളതകളും അനുഭവിച്ചറിയാനുമാകും.

- നവലോകമാനവർ നിരോധനം ഏർപ്പെടുത്തിയ, പലവിധ പ്രാകൃത ജീവന പദ്ധതി കളുടെ കൂട്ടത്തിൽ, ഇതുവരെ നിലനിന്നു വന്ന ഈ "സമ്പ്രദായവും" ചരിത്ര താളുകളിൽ മാത്രം പിന്നീട് കാണുവാനുമാകും.